പതിനാലാം കേരള നിയമ സഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4374 25.06.2019-ൽ മറുപടിക്ക്

**ആറാട്ടുകുഴി-അമ്പൂരി-നെയ്യാർഡാം റോഡിനെ പുതിയ പാലവുമായി ബന്ധിപ്പിച്ച് റോഡ്**

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ. സി.കെ.ഹരീന്ദ്രൻ :** | | **ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) കള്ളിക്കാട് ഗ്രാമപഞ്ചായത്തിൽ നെയ്യാർഡാമിന് സമീപം പത്ത് കോടി രൂപ ചെലവിൽ നിർമ്മാണം പൂർത്തിയായി വരുന്ന പാലത്തിന്റെ ഗുണം പൊതുജനങ്ങൾക്ക് പൂർണ്ണമായ തോതിൽ ലഭിക്കണമെങ്കിൽ ആറാട്ടുകുഴി-അമ്പൂരി-നെയ്യാർഡാം റോഡിനെ ദൈവപ്പുരയിൽ നിന്നും നെയ്യാർഡാം പാലവുമായി ബന്ധിപ്പിച്ച് അപ്രോച്ച് റോഡ് നിർമ്മിക്കേണ്ടതുണ്ട് എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) & (ബി) | കള്ളിക്കാട് ഗ്രാമപഞ്ചായത്തിൽ നെയ്യാർ ഡാമിന് സമീപം നിർമ്മാണം പൂർത്തിയാക്കുന്ന കള്ളിക്കാട് പാലത്തിന്റെ അപ്രോച്ച് റോഡ് ദൈവപ്പുര വരെ നീട്ടുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിന്റെ ഭാഗമായി ഫിഷറീസ് വകുപ്പിന്റെ അധീനതയിൽ വരുന്ന ഭൂമിയിൽ കൂടി 265 മീറ്റർ നിളത്തിൽ പുതുതായി റോഡ് നിർമ്മിക്കേണ്ടതുണ്ട്. ഇതിനായി 14.41 ആർ ഭൂമി ടി വകുപ്പിൽ നിന്നും പൊതുമരാമത്ത് വകുപ്പിന് കൈമാറി കിട്ടേണ്ടതായുണ്ട്. ഇത് പൊതുമരാമത്ത് വകുപ്പിന് കൈമാറി നൽകുന്നതിനാവശ്യമായ നടപടികൾ ഫിഷറീസ് വകുപ്പിൽ നടന്നു വരുന്നു. ഭൂമി കൈമാറികിട്ടുന്ന മുറയ്ക്ക് റോഡ് നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) പ്രസ്തുത അപ്രോച്ച് റോഡ് നിർമ്മാണത്തിനായി സമർപ്പിച്ചിരിക്കുന്ന പ്രൊപ്പോസൽ പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഗണിച്ച് റോഡ് നിർമ്മാണത്തിനായുള്ള തുടർ നടപടികൾ സ്വീകരിക്കാമോ ? | | |

സെക്ഷൻ ഓഫീസർ